**Lalith Babu**

**വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയും അപ്പീലും തീർപ്പാക്കി പുറപ്പെടുവിക്കുന്ന മറുപടിയിൽ അപേക്ഷ/അപ്പീലിൽ രേഖപ്പെടുത്തിയ തീയതിയും ആ അപേക്ഷ ഓഫീസിൽ ലഭ്യമായ തീയതിയും രേഖപ്പെടുത്തണം**

"മരണമാഷ മാതൃമാഷ"

**കേരള സർക്കാർ**

നം.സിഡിഎൻ5/186/2019/പൊഭവ.

പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം, 12.02.2020.

# <u>സർക്കുലർ</u>

വിഷയം:- പൊഭവ – വിവരാവകാശനിയമം 2005 – വിവരാവകാശനിയമം വകുപ്പ് 6 (1), 19(1) പ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ നൽകുന്ന മറുപടിയിൽ അപേക്ഷ തീയതിയും, അപേക്ഷ ബന്ധപ്പെട്ട കാര്യാലയത്തിൽ ലഭ്യമായ തീയതിയും രേഖപ്പെടുത്തുന്നത് നിർദ്ദേശം നൽകുന്നത് -സംബന്ധിച്ച്.

സൂചന:- 1) 30.03.2016 ലെ 69503/ സിഡിഎൻ5/2015/പൊഭവ സർക്കുലർ
2) 17.12.2019 ലെ നം.20035/ ജി-8 അപ്പീൽ /2019/ എസ്ഐസി നമ്പരായുള്ള സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷന്റെ കത്ത്.

വിവരാവകാശ നിയമ പ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ മറുപടി നൽകുമ്പോൾ,സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/അപ്പീൽ അധികാരികൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സൂചനയിലെ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിന്മേൽ നൽകുന്ന മറുപടികളിൽ അപേക്ഷ തീയതിയും, പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട കാര്യാലയത്തിൽ ലഭ്യമായ തീയതിയും ഉദ്യോഗസ്ഥർ വ്യക്തമായി രേഖപ്പെടുത്തുന്നില്ലെന്നും, ആയതിനാൽ വിവരാവകാശ നിയമപ്രകാരം സമയബന്ധിതമായി മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് പരാതി ഉന്നയിച്ചുകൊണ്ട് വിവരാവകാശ കമ്മീഷനിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷകളുടെ എണ്ണം കൂടിവരുന്നതായി സംസ്ഥാന വിവരാവകാശ കമ്മീഷൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ആയതിനാൽ വിവരാവകാശ നിയമം വകുപ്പ് 6(1), 19(1) പ്രകാരം സമർപ്പിക്കുന്ന അപേക്ഷ/ അപ്പീൽ അപേക്ഷകളിന്മേൽ <u>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരികൾ നൽകുന്ന മറുപടിയിൽ അപേക്ഷ തീയതിയും, പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട കാര്യാലയത്തിൽ ലഭ്യമായ തീയതിയും വ്യക്തമായി രേഖപ്പെടുത്തണമെന്ന്</u> എല്ലാ പൊതു അധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എം. ജി. രഞ്ജിത് കുമാർ**
അഡീഷണൽ സെക്രട്ടറി